# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1640**.

**08-06-2018 ൽ മറുപടിയ്ക്ക്**

## നെല്ലിന്റെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ

**ചോദ്യം**

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ലിന്റെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃഷിചെലവ് കുറയ്ക്കുന്നതിനും ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃഷി ചെലവ് കുറയ്ക്കുന്നതിനും നെൽകൃഷി വികസനം, മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും, വിള ആരോഗ്യ പരിപാലനം, അഗ്രോസർവ്വീസ് സെന്ററുകളും സേവനവും എന്നീ സംസ്ഥാനാവിഷ്കൃത പദ്ധതികളും, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (പാലക്കാട് ജില്ലയിൽ), വൃഷ്ടി പ്രദേശ വികസനത്തിനും സുസ്ഥിര കൃഷിക്കുമുള്ള ദേശീയ മിഷൻ (RAD NMSA) (തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ), പ്രധാന മന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY), ആർ.കെ.വി.വൈ., കാർഷിക യന്ത്രവൽകരണത്തിനുള്ള ദേശീയ മിഷൻ (SMAM) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തികൾ ന്യായമായ ചെലവിൽ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനു വിദഗ്ധ തൊഴിലാളികളെ കാർഷിക യന്ത്രോപകരണങ്ങൾ സഹിതം ലഭ്യമാക്കുന്ന 79 ബ്ലോക്ക്തല അഗ്രോ സർവ്വീസ് സെന്ററുകളും 200 കാർഷിക കർമ്മസേനകളും പ്രവർത്തിച്ചു വരുന്നു.<br>അത്യുല്പാദന ശേഷിയുള്ള മേൽത്തരം |

| | | | |
|---|---|---|---|
| | | | വിത്തിനങ്ങളുടെ ഉപയോഗം, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വളപ്രയോഗം, സംയോജിത സസ്യാരോഗ്യ പരിപാലന മാർഗ്ഗങ്ങൾ, കമ്മായ വസ്തുക്കളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും പ്രയോഗം, കാർഷിക യന്ത്രവൽകരണം തുടങ്ങിയ ഘടകങ്ങളാണ് മേല്പറഞ്ഞ പദ്ധതികൾ പ്രകാരം നെല്ലിന്റെ ഉല്പാദന വർദ്ധനവിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ. |
| (ബി) | നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇത് വിജയപ്രദമായതെന്ന് അറിയിക്കുമോ; | (ബി) | ശാസ്ത്രീയ കൃഷി രീതികൾ കൂട്ടായി അവലംബിച്ച് നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും നെൽകൃഷിയുടെ വിവിധ പ്രവർത്തനങ്ങളിൽ കർഷകരുടെ കൂട്ടായ്മ ഉറപ്പാക്കുന്ന ഗ്രൂപ്പ് ഫാമിങ് സമ്പ്രദായം പാടശേഖര സമിതികളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. ഇതിനായി നെൽകൃഷി വികസനം എന്ന പദ്ധതിയിൻ കീഴിൽ സുസ്ഥിര കൃഷി വികസനം എന്ന ഘടകം പ്രകാരം ഹെക്ടർ ഒന്നിനു 5500/- രൂപ ധനസഹായം നൽകി വരുന്നു.<br>അത്യുപാദന ശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗം, പൊതുഞാറ്റടി തയ്യാറാക്കൽ, ജൈവിക മാർഗ്ഗങ്ങൾ ഊന്നൽ നൽകിയുള്ള സംയോജിത കീടരോഗനിയന്ത്രണം, കാര്യക്ഷമമായ ജലവിഭവ വിനിയോഗം, യന്ത്രവൽകരണം, പശ്ചാത്തല സൗകര്യ വികസനം എന്നീ പ്രവർത്തനങ്ങളാണ് ഗ്രൂപ്പ് ഫാമിങ് വഴി സാധ്യമാക്കുന്നത്.<br>സംസ്ഥാനത്തുടനീളം ഗ്രൂപ്പ് ഫാമിങ് പദ്ധതി പാടശേഖരസമിതികളുടെ നേതൃത്വത്തിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. വർഷങ്ങളായി തരിശ് കിടന്നിരുന്ന നിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും ഗ്രൂപ്പ് ഫാമിങ് സമ്പ്രദായം പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. |
| (സി) | നെൽകൃഷി പൂർണ്ണമായും യന്ത്രവൽക്കരിക്കുന്നതിന് കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നിലവിൽ | (സി) | സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകം പ്രകാരം ഹെക്ടറിനു 5500/- രൂപ പ്രകാരം നൽകുന്ന ധനസഹായം |

| | | | |
|---|---|---|---|
| | നൽകുന്നതെന്ന് അറിയിക്കുമോ; | | വിനിയോഗിക്കുന്ന ഒരു ഘടകം ഗ്രൂപ്പടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കുന്നതിനാണ്. ഇതിനു പുറമെ നെല്പാടങ്ങളിലെ വിവിധ കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായും മിതമായ നിരക്കിലും ചെയ്തു കൊടുക്കുന്നതിനു പരിശീലനം സിദ്ധിച്ച തൊഴിലാളികളും വിവിധ കാർഷിക യന്ത്രോപകരണങ്ങളും അടങ്ങുന്ന 79 ബ്ലോക്കുതല അഗ്രോസർവ്വീസ് സെന്ററുകളും 200 കാർഷിക കർമ്മസേനകളും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു.<br>നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനവിനു സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കായ്പ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിച്ചിട്ടുണ്ട്.<br>നെൽകർഷകർക്ക് ഉപയുക്തമാംവിധം അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, യന്ത്രവൽകരണം മുതലായവയ്ക്കു പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നതാണ്.<br>കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന കാർഷിക യന്ത്രവൽക്കരണത്തിനുള്ള സബ് മിഷൻ പദ്ധതി (SMAM) പ്രകാരം കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നു.<br>ഇതിനു പുറമെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നടപ്പിലാക്കുന്ന വൃഷ്ടി പ്രദേശ വികസനത്തിനും സുസ്ഥിര കൃഷിക്കുമുള്ള ദേശീയ മിഷൻ (RAD NMSA), ആർ കെ വി വൈ എന്നീ പദ്ധതികൾ എല്ലാം തന്നെ നെൽകൃഷിയിൽ കാർഷിക യന്ത്രവൽക്കരണത്തെയും പ്രോത്സാഹിപ്പിക്കുന്നവയാണ്. |
| (ഡി) | കാർഷിക കർമ്മസേനയെ ഉപയോഗപ്പെടുത്തി സൗജന്യമായി ട്രാക്ടർ ഉപയോഗിച്ച് നിലം ഉഴുത് നൽകുന്ന പദ്ധതി ആവിഷ്കരിക്കുമോ? | (ഡി) | കാർഷിക രംഗത്തെ തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികൾ അടങ്ങുന്ന 200 കാർഷിക |

| | | | |
|---|---|---|---|
| | | | കർമ്മസേനകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. ഇവർ കാർഷിക യന്ത്രോപകരണങ്ങൾ സഹിതം പാടത്തെ വിവിധ കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിച്ചു വരുന്നു. പ്രാദേശികാടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ന്യായമായ കൂലി മാത്രമേ കാർഷിക കർമ്മസേനകൾ കർഷകരിൽ നിന്നും ഈടാക്കുന്നുള്ളൂ. കാർഷിക കർമ്മ സേനകളുടെ സേവനം സൗജന്യമായി ലഭ്യമാക്കുന്നത് അവയുടെ വരുമാനത്തെയും തദ്വാരാ നിലനിൽപ്പിനെയും ബാധിക്കുന്നതാകയാൽ അതു സുസ്ഥിരമായിരിക്കില്ല എന്നു കാണുന്നു. |

**സെക്ഷൻ ഓഫീസർ**